(സി) ബി.എസ്സി നഴ്സിംഗ് കോഴ്സ് യോഗ്യത നേടിയവർ താഴെപ്പറയും പ്രകാരം കെ.എൻ.എം.സി.-യിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

2009 - 2633 എണ്ണം

2010 - 2919 എണ്ണം

2011 - 3354 എണ്ണം

2012 - 2879 എണ്ണം

2013 - 3164 എണ്ണം

പനി ബാധിച്ച് മരണപ്പെടുന്നവരുടെ എണ്ണം

13 (720) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് വിവിധതരം പനികൾ ബാധിച്ച് എത്രപേർ മരണപ്പെട്ടിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) പനി ബാധിച്ച് മരണപ്പെടുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ പനി ബാധിച്ചുള്ള മരണങ്ങൾ തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പരിശോധിച്ചിട്ടുണ്ട്.

(സി) 1. രോഗം കാലേക്കൂട്ടി കണ്ടുപിടിച്ച് ശരിയായ ചികിത്സ നൽകിയാൽ രോഗം ഭേദമാക്കാനും മരണം ഒഴിവാക്കാനും സാധിക്കും. ഇതിനുവേണ്ടി ദിവസേനയും ആഴ്ചതോറും ഫീൽഡ് തലത്തിലും ആശുപത്രി പ്രാഥമികാരോഗ്യ കേന്ദ്രതലത്തിലും ഉള്ള രോഗനിരീക്ഷണം ഊർജ്ജിതപ്പെടുത്തി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. ആശുപത്രികളിൽ ഫീവർ ക്ലിനിക്, ഫീവർ വാർഡ് എന്നിവ സജ്ജീകരിച്ച് പനിബാധിതർക്ക് അനുയോജ്യമായ ചികിത്സ നൽകി.

3. ഐ.ജി.എം. എലിസ പരിശോധന ഉൾപ്പെടെയുള്ള ലബോറട്ടറി പരിശോധനാ സംവിധാനം മെച്ചപ്പെടുത്തിയതു വഴി പനി ഏതു തരത്തിലുള്ളതാണെന്ന് ഉറപ്പാക്കുവാനും ശരിയായ ചികിത്സ നൽകാനും സാധിക്കുന്നു.

4. വിവിധതരം പനികളുടെ ചികിത്സ സംബന്ധിച്ച അംഗീകൃത ചികിത്സാ മാർഗ്ഗരേഖകൾ/പ്രോട്ടോകോളുകൾ മെഡിക്കൽ കോളേജുകളിലും സ്വകാര്യ ആശുപത്രികളിലും മറ്റ് സർക്കാർ ആശുപത്രികളിലും ലഭ്യമാക്കി.

5. മരുന്നുകളുടേയും അനുബന്ധ ചികിത്സാ സൗകര്യങ്ങളുടേയും ലഭ്യത ഉറപ്പുവരുത്തി.

ആശാവർക്കർമാർ

14 (721) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വൈക്കം നിയോജക മണ്ഡലത്തിലെ ഓരോ പഞ്ചായത്തുകളിലും എത്ര വീതം ആശാവർക്കർമാരെ നിയോഗിച്ചിട്ടുണ്ടെന്നും ഇവർക്ക് എത്ര രൂപ വീതമാണ് വേതനമായി നൽകുന്നതെന്നും വ്യക്തമാക്കുമോ ;

(ബി) ആശാവർക്കർമാരുടെ വേതനത്തിൽ കാലാകാലങ്ങളിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ ;

(സി) ആശാവർക്കർമാരുടെ വേതനം നൽകുന്നതിന് എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിക്കുന്നുണ്ടോ ; അതോ സംസ്ഥാന സർക്കാർ ഫണ്ട് ആണോ ഉപയോഗിക്കുന്നത് ;

(ഡി) ആശാവർക്കർമാർക്ക് തങ്ങളുടെ ജോലിക്ക് പ്രത്യേകം പരിശീലനം നൽകാറുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly